പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2102 06.03.2012 ൽ മറുപടിയ്ക്ക്

ചാത്തൻകോട്ടുനട പദ്ധതിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. കെ. ലതിക | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ചാത്തൻകോട്ടുനട ഒന്നും രണ്ടും ഘട്ടം പദ്ധതിയുടെ സ്ഥാപിത ശേഷി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ; | (എ) ചാത്തൻകോട്ട നട ഒന്നാം ഘട്ടം 3.5 മെഗാവാട്ട്<br>ചാത്തൻകോട്ട നട രണ്ടാം ഘട്ടം 6 മെഗാവാട്ട് |
| (ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണ് ; | (ബി) ചാത്തൻകോട്ടനട രണ്ടാം ഘട്ട പദ്ധതിയുടെ അടങ്കൽ തുക 4,536 ലക്ഷം രൂപയാണ്<br>ചാത്തൻകോട്ട നട (ഒന്നാം ഘട്ടം) പദ്ധതി ഇൻവെസ്റ്റിഗേഷൻ ഘട്ടത്തിലാണ് |
| (സി) പദ്ധതി നടത്തിപ്പിനായി പ്രത്യേക ഓഫീസ്പ്രവർത്തിച്ചുവരുന്നുണ്ടോ ; എങ്കിൽ പ്രസ്തുത ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, ടി.എ, ഡി.എ., വാഹനചാർജ്ജ്, കണ്ടിജന്റ് ചെലവുകൾ മുതലായ ഇനങ്ങളിൽ നാളിതു-വരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ? | (സി) ചാത്തൻകോട്ടനട രണ്ടാം ഘട്ട പദ്ധതി നടത്തിപ്പിനായി 3/2004 മുതൽ പ്രത്യേകം ഓഫീസ് പ്രവർത്തിച്ച വരുന്നുണ്ട്. ഈ പദ്ധതിയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, അതിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ ജോലികൾ, പദ്ധതിയുടെ ഡിസൈൻ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള പ്രീകൺസ്ട്രക്ഷൻ ജോലികൾ, ലാൻഡ് അക്വിസിഷൻ നടപടികൾ മുതലായവ ഈ ഓഫീസിന്റെ ചുമതലയിലായിരുന്നു. ഈ പദ്ധതി 2009 ൽ ടെൻഡർ ചെയ്യുകയും 2010 ൽ പണികൾ ആരംഭിക്കുകയും ചെയ്തു. പ്രസ്തുത ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, റ്റി.എ, ഡി.എ, വാഹനചാർജ്ജ്, കണ്ടിജന്റ് ചെലവുകൾ മുതലായ ഇനങ്ങളിൽ 3/2004 മുതൽ 29.02.2012 വരെ 3.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ